മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 400/2001 നമ്പരായി സ്വമേധയാ എടുത്ത കേസിന്റെ ഉത്തരവ് അനുസരിച്ച് 1996 മുതൽ 2001 വരെയുള്ള കാലയളവിൽ 400 ദിവസത്തിൽ കൂടുതൽ പരോൾ അനുവദിച്ച തടവുകാരെ സംബന്ധിച്ച വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിർദ്ദേശം നൽകുകയും അതനുസരിച്ച് ലഭിച്ച റിപ്പോർട്ടിൽ 1996 മുതൽ 2001 വരെയുള്ള കാലയളവിൽ കേരള ജയിൽ ചട്ടങ്ങളിലേയും മാനുവലിലേയും നിബന്ധനകൾക്ക് വിരുദ്ധമായി തടവുകാർക്ക് പരോൾ നൽകിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

(സി) പരോൾ വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

നദീജലത്തർക്കം സംബന്ധിച്ച ചർച്ച

8 [*275] ശ്രീ. ലൂഡി ലൂയിസ് :
,, കെ. മുഹമ്മദാലി :
,, കെ. അച്ചുതൻ :
,, എ. കെ. മണി :
,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീജലത്തർക്കം സംബന്ധിച്ച് ചീഫ് സെക്രട്ടറിതലത്തിൽ 18-12-2004-ൽ നടത്തിയ ചർച്ചയിൽ തമിഴ്നാട് ഉന്നയിച്ച കാര്യങ്ങൾ എന്തെല്ലാമാണ്;

(ബി) കേരളം എന്തെല്ലാം കാര്യങ്ങൾ ഉന്നയിച്ചു ;

(സി) ഇതുവരെ കേരളത്തിന് കിട്ടേണ്ടിയിരുന്ന ജലം വിട്ടുതരാതിരുന്നതിനുള്ള കോമ്പൻസേഷൻ വേണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ഇനി നടക്കുന്ന ചർച്ചകളിൽ ഇക്കാര്യം ഉന്നയിക്കുമോയെന്നും വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) പറമ്പിക്കുളം ആളിയാർ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ആനമലയാറിൽ നിന്നും 2.5 ടി. എം. സി. വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ചുവിടുന്നതിന് വേണ്ടിയുള്ള വിയറിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ ചെയ്യാൻ സമ്മതിക്കണമെന്നാണ് പ്രധാനമായി ഉന്നയിച്ച ആവശ്യം. ആനമലയാറിൽ നിന്നുള്ള 2.5 ടി.എ.സി.ജലം വിട്ടുകൊടുക്കുന്നതിനു പുറമേ നീരാറിൽ നിന്നും ഇപ്പോൾ കേരളത്തിന് ഒക്ടോബർ ഒന്നു മുതൽ ജനുവരി 31 വരെ ലഭിച്ചുകൊണ്ടിരിക്കുന്ന ജലം തമിഴ്നാടിനു പൂർണ്ണമായി എടുക്കുവാൻ സമ്മതിക്കണമെന്ന ആവശ്യവും ഉന്നയിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഷോളയാർ-പറമ്പിക്കുളം-ഭരതപ്പുഴ ബേസിനുകളിലെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ജലവിഹിതം പുനർ നിർണ്ണയം ചെയ്യണമെന്നും മണക്കടവ് വിയറിൽ ഇപ്പോൾ ലഭ്യമാക്കുന്ന 7.25 ടി. എം. സിക്ക് പകരം 12 ടി.എം.സി. ജലം ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടു. കേരള ഷോളയാറിൽ കേരളത്തിന്റെ വാർഷിക വിഹിതമായ 12.3 ടി. എം. സി. വെള്ളം നൽകുന്നതോടൊപ്പം തന്നെ കരാറിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നിശ്ചിത തീയതികളിൽ നിശ്ചിത ജലവിതാനം പാലിക്കണമെന്നും കേരളം ആവശ്യപ്പെട്ടു. പെരിയാർ ബേസിനിൽ പര്യാലോചനയിലിരിക്കുന്ന പദ്ധതികൾ തീർന്നശേഷം മാത്രമേ നീരാർ നദിയിൽ നിന്നും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന ജലം തമിഴ്നാടിന് തിരിച്ചുകൊണ്ടു പോകുവാൻ വ്യവസ്ഥയുള്ളൂ എന്നും കേരളം ചൂണ്ടിക്കാട്ടി. പെരിയാർ ബേസിനിലെ ജലത്തിന്റെ ആവശ്യകതകൂടി പരിഗണിച്ചും പദ്ധതിയുടെ വിശദാംശങ്ങൾ നിശ്ചയിച്ചതിനു ശേഷവും മാത്രമേ ആനമലയാറിൽ നിന്നും തമിഴ്നാട്ടിലേക്ക് 2.5 ടി. എം. സി. ജലം തിരിച്ചുകൊണ്ടുപോകാനുള്ള വ്യവസ്ഥ നടപ്പാക്കുന്നതിനെക്കുറിച്ച് പരിഗണിക്കാൻ സാധിക്കുകയുള്ളൂവെന്നും കേരളം അറിയിച്ചു.

(സി) കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മെഡിക്കൽ കോളേജ് ആശുപത്രികളിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് നടപടി

9 [*276] ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി. കെ. ദേവകുമാർ :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽകോളേജ് ആശുപത്രികളടക്കമുള്ള സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും വിദഗ്ധ ചികിത്സയും ലഭിക്കാതെ വി.ഐ.പി.കളും പാവപ്പെട്ട രോഗികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) മന്ത്രിസഭയിലെ അംഗങ്ങൾക്കുപോലും മെഡിക്കൽ കോളേജ് ആശുപത്രികളിൽ വിദഗ്ദ്ധ ചികിത്സ ലഭിക്കാത്തതിനെത്തുടർന്ന് സ്വകാര്യ ചികിത്സാകേന്ദ്രങ്ങളിൽ പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly